**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5581** **03-11-2021 - ൽ മറുപടിയ്ക്ക്**

**പ്ലാസ്റ്റിക് നിരോധന നിയമം ലംഘിക്കുന്നവർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് 19-ന്റെ വരവോടെ നിരോധിത പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ; | (എ) | ഉണ്ട്. പരിസ്ഥിതി വകുപ്പിന്റെ സ.ഉ (കൈ)നം 6/2019 തീയതി 27/11/2019 പ്രകാരം, ഒറ്റത്തവണ മാത്രം ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ 01.01.2020 മുതൽ നിരോധിച്ചിരുന്നു. ഈ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ ലംഘിക്കപ്പെടുന്ന സാഹചര്യത്തിൽ കർശനമായ നടപടി സ്വീകരിക്കേണ്ടതിനായി ജില്ലാ കളക്ടർമാർ, സബ് ഡിവിഷണൽ മജിസ്ട്രേറ്റ്മാർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ, എല്ലാ തദ്ദേശസ്ഥാപനങ്ങളിലെയും സെക്രട്ടറിമാർ, 1986 ലെ Environmental Protection Act സെക്ഷൻ 19 പ്രകാരം കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ/ സ്ഥാപനങ്ങൾ എന്നിവരെ ചുമതലപ്പെടുത്തി നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്ലാസ്റ്റിക് നിരോധന നിയമം ലംഘിക്കുന്നവർക്കെതിരെ ഏതൊക്കെ തരം പിഴയാണ് ചുമത്തുന്നത് എന്ന് വ്യക്തമാക്കാമോ? | (ബി) | പരിസ്ഥിതി വകുപ്പിന്റെ 27/11/2019 ലെ സ.ഉ.കൈ)നം 6/2019 /പരി. പ്രകാരം നിയമ ലംഘനം നടത്തുന്ന നിർമ്മാതാക്കൾ, മൊത്ത വിതരണക്കാർ, ചെറുകിട വിൽപ്പനക്കാർ, കടക്കാർ, വിൽക്കുന്നവർ എന്നിവർക്കെതിരെ 10,000/- രൂപ പിഴ സബ് ഡിവിഷണൽ മജിസ്ട്രേറ്റ്മാർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ എന്നിവർ അതതു നിയമപ്രകാരം ചുമത്തേണ്ടതാണ്. രണ്ടാമതുള്ള നിർദ്ദേശ ലംഘനത്തിന് 25,000/-രൂപയും, അതിനു ശേഷം തുടർന്നുള്ള നിർദ്ദേശ ലംഘനത്തിന് 50,000/- രൂപയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ചുമത്താവുന്നതാണ് |

സെക്ഷൻ ഓഫീസർ